പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ –1571 21. 01. 2014- ലെ മറുപടി

<u>പ്രവാസികളുടെ ക്ഷേമം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) വിദേശത്തു നിന്നും തിരികെ നാട്ടിലെത്തുന്ന പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നത്; ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ; ഓരോ പദ്ധതിക്കും അപേക്ഷ നൽകേണ്ടതിനുള്ള നടപടികളും അപേക്ഷാ ഫാറവും ലഭ്യമാക്കാമോ; | (എ) വിദേശത്തുനിന്നും തിരികെ നാട്ടിലെത്തുന്ന പ്രവാസി കേരളീയരുടെ ക്ഷേമത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങളും അപേക്ഷാഫോറങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പ്രവാസികൾക്കായി ഏർപ്പെടുത്തിയ ക്ഷേമനിധി വഴി ലഭിക്കുന്ന സൗകര്യങ്ങൾ എന്തൊക്കെയാണ്; ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുന്നത് എങ്ങനെയാണെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ; | (ബി) 2008-ലെ പ്രവാസി കേരളീയ ക്ഷേമ ആക്റ്റിനും 2009 ലെ പ്രവാസി കേരളീയ ക്ഷേമ പദ്ധതിക്കും അനുസൃതമായി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള പ്രവാസി മലയാളികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്. 18 നും 55 നും ഇടയിൽ പ്രായമുള്ള കുറഞ്ഞത് 2 വർഷക്കാലം കേരളത്തിനു പുറത്ത് ഉപജീവനാർത്ഥം താമസിച്ച ഏതൊരു പ്രവാസി കേരളീയനും (വിദേശവും സ്വദേശവും) മുൻപ്രവാസി കേരളീയനും ഈ ക്ഷേമനിധിയിൽ അംഗമാകാവുന്നതാണ്. അംശദായമായി വിദേശമലയാളികൾ പ്രതിമാസം 300 രൂപയും ഇന്ത്യയ്ക്കുള്ളിലുള്ളവർ പ്രതിമാസം 100 രൂപയുമാണ് നൽകേണ്ടത്.<br><br>2009 ലെ പ്രവാസി മലയാളികളുടെ ക്ഷേമ പദ്ധതി വിഭാവനം ചെയ്യുന്ന ക്ഷേമനിധി ആനുകൂല്യങ്ങൾ ചുവടെപ്പറയുന്നവയാണ്. |

1. പെൻഷൻ: 60 വയസ്സ് പൂർത്തിയായതും 5 വർഷത്തിൽ കുറയാതെ അംശദായമടച്ചതുമായ ഒരു വിദേശ പ്രവാസി മലയാളിക്ക് പ്രതിമാസം 1000 രൂപയും മറ്റു വിഭാഗങ്ങളിൽ പെട്ടവർക്ക് ( നാട്ടിൽ സ്ഥിരതാമസമാക്കിയവർ & ഭാരതത്തിനകത്തുള്ളവർ) പ്രതിമാസം 500 രൂപയും പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.
2. കുടുംബ പെൻഷൻ: മേൽപറഞ്ഞ കാലയളവും അംശദായ അടവ് നിബന്ധനയും പൂർത്തിയാക്കുകയും ചെയ്ത ഒരംഗം മരണമടയുകയാണെങ്കിൽ ടിയാന്റെ കുടുംബത്തിന് മേൽപറഞ്ഞ തുകയുടെ 50% പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.
3. അവശതാ പെൻഷൻ: തന്റെ നിത്യവൃത്തിക്കായി ഏതെങ്കിലും തൊഴിൽ ചെയ്യുന്നതിന് ശാരീരിക അവശതമൂലം സ്ഥായിയായ പ്രാപ്തിക്കുറവുള്ള മൂന്നുവർഷത്തിൽ കുറയാതെ അംശദായമടച്ച ഒരംഗത്തിന് ഇനം ഒന്നിൽ പറഞ്ഞ തുകയുടെ 40% അവശതാ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.
4. മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക് ധനസഹായം : ഈ പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്ന പ്രവസികേരളീയന്റെ (വിദേശം) ആശ്രിതർക്ക് 50,000/- രൂപയും മടങ്ങിയെത്തിയ വിദേശപ്രവാസി കേരളീയന്റെയും പ്രവാസികേരളീയന്റെയും (ഭാരതീയം ) ആശ്രിതർക്ക് 30,000/- രൂപയും മരണാനന്തര ധനസഹായം ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

5. ചികിത്സാ ധനസഹായം : ഗുരുതര രോഗം ബാധിച്ച അംഗങ്ങളുടെ ചികിത്സക്കായി രോഗത്തിന്റെ കാഠിന്യമനുസരിച്ച് മുഴുവൻ അംഗത്വ കാലയളവിൽ പരമാവധി 50,000/- രൂപവരെ ധനസഹായം ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

6. ഇൻഷുറൻസ് പരിരക്ഷ: നിധിയിലെ സാമ്പത്തിക നില കണക്കിലെടുത്ത് അംഗങ്ങളുടെ പരിരക്ഷക്കായി വിവിധ തരത്തിലുള്ള ഇൻഷുറൻസ് പദ്ധതികൾ ബോർഡിന് നടപ്പിലാക്കാവുന്നതാണ്.

7. വിവാഹ ധനസഹായം : കുറഞ്ഞത് 3 വർഷമെങ്കിലും അംശദായമടച്ച അംഗങ്ങളുടെ പെൺമക്കൾക്കും വനിതാ അംഗങ്ങളുടെയും വിവാഹത്തിന് 5,000/- രൂപവരെ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

8. പ്രസവാനുകൂല്യം: തുടർച്ചയായി 2 വർഷമെങ്കിലും അംശദായമടച്ച വനിതാ അംഗങ്ങൾക്ക് പരമാവധി 2 പ്രസവത്തിനു വരെ ഒന്നിന് 3,000/- രൂപ എന്ന കണക്കിൽ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഗർഭം അലസൽ സംഭവിച്ചാൽ ഇത് 2,000/- രൂപയായിരിക്കും.

9. വിദ്യാഭ്യാസാനുകൂല്യം: കുറഞ്ഞത് 2 വർഷമെങ്കിലും തുടർച്ചയായി അംശദായമടച്ച അംഗങ്ങളുടെ കുട്ടികൾക്ക് ബോർഡ് നിശ്ചയിക്കുന്ന വ്യവസ്ഥകൾക്കനുസൃതമായി വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

10. പ്രവാസി ആശ്വാസ നിധി: അംഗങ്ങളുടെ ഗൃഹനിർമ്മാണവുമായി ബന്ധപ്പെട്ടും നാട്ടിൽ സ്ഥിരതാമസമാക്കുമ്പോൾ പുനരധിവാസവുമായി ബന്ധപ്പെട്ടും വായ്പകൾ നല്കുന്നതിന് ഒരു നിധി രൂപീകരിക്കാൻ ബോർഡിന് അർഹതയുണ്ടായിരിക്കുന്നതാണ്.

11. പ്രത്യേക സഹായനിധി: പ്രായാധിക്യം മൂലം നിധിയിൽ അംഗങ്ങളാകാൻ സാധിക്കാതെ പോയവരുടെ ചികിത്സ പോലെയുള്ള ആവശ്യങ്ങൾക്കായി ഒരു നിധി രൂപീകരിക്കാൻ ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.

12. അംഗങ്ങളുടെ പുനരധിവാസത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സ്വകാര്യ ക്ലിപ്ത കമ്പനികൾ, സഹകരണ സംഘങ്ങൾ എന്നിവ ആരംഭിക്കുന്നതിനും നിക്ഷേപം നടത്തുന്നതിനും ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.

കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ അംഗത്വത്തിനുള്ള അപേക്ഷ ഫോറങ്ങളും ചെലാൻ ഫോറങ്ങളും കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ മുഖ്യ ഓഫീസ് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജണൽ ഓഫീസുകൾ കോട്ടയ്ക്കലുള്ള ലെയ്സൺ ഓഫീസ് എന്നിവിടങ്ങളിൽ നിന്നും മറ്റ് ജില്ലകളിലെ അതാത് കളക്ടറേറ്റുകളിൽ പ്രവർത്തിക്കുന്ന നോർക്ക സെല്ലുകളിൽ നിന്നും സൗജന്യമായി ലഭിക്കുന്നതാണ്. കൂടാതെ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ **www.pravasiwelfarefund.org** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തും ഉപയോഗിക്കാവുന്നതാണ്.

കേരള പ്രവാസി കേരളീയ ക്ഷേമ നിധിയിൽ അംഗത്വമെടുക്കുന്നതിന് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രജിസ്ട്രേഷൻ ഫീസായ **200/-** രൂപ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് നൽകുന്ന ചെലാൻ മുഖേന എസ്.ബി.ടി. അല്ലെങ്കിൽ ഇന്ത്യൻ ബാങ്ക് വഴിയോ, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി. മുഖേനയോ സമർപ്പിക്കാവുന്നതാണ്.

അംഗത്വം ലഭിക്കുന്നതിനുള്ള അപേക്ഷ സംബന്ധിച്ച വിശദാംശം അനുബന്ധം **4** ആയി ചേർത്തിട്ടുണ്ട്.

(സി) പ്രവാസികൾക്കായി ഏതെങ്കിലും തരത്തിലുള്ള പെൻഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സി) കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ അംഗത്വമെടുത്ത് അഞ്ച് വർഷത്തിൽ കുറയാത്ത അംശദായം അടച്ചിട്ടുള്ള പ്രവാസി മലയാളികൾക്ക് ക്ഷേമപദ്ധതിയിൽ വിഭാവനം ചെയ്യുന്ന പെൻഷന് **60** വയസ്സ് മുതൽ അർഹതയുണ്ടായിരിക്കും. പ്രവാസികൾക്കായി മറ്റ് പെൻഷൻ പദ്ധതികളൊന്നും തന്നെ നോർക്ക വകുപ്പ് നടപ്പാക്കിയിട്ടില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്